"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയം ഭരണ വകുപ്പ്- കുടുംബശ്രീ- ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് - ഇടമലക്കുടി പഞ്ചായത്തിലെ ഉപതെരഞ്ഞെടുപ്പ് - പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.396/2022/LSGD  തീയതി,തിരുവനന്തപുരം, 22-02-2022

---

പരാമർശം:-

1. 11.11.2021 ലെ സ.ഉ(അച്ചടി) നം.56/2021/തസ്വഭവ.
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.01.2022ലെ 144/എം/2022/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.
3. 14.02.2022 ലെ സ.ഉ(സാധാ) നം. 323/2022/തസ്വഭവ.
4. 15.02.2022 ലെ സ.ഉ(സാധാ) നം. 340/2022/തസ്വഭവ.

ഉത്തരവ്

കുടുംബശ്രീ ത്രിതല സംഘടനാ തെരെഞ്ഞെടുപ്പ് നടപടികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് പരാമർശ ഉത്തരവുകൾ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഇടമലക്കുടി പഞ്ചായത്തിൽ കുടുംബശ്രീ സിഡിഎസ്സ്-ന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും നിലച്ചിരിക്കുകയാണെന്നും, ഭരണപരമായ തടസ്സങ്ങൾ തരണം ചെയ്യേണ്ടതുണ്ടെന്നും പ്രതികൂല കാലാവസ്ഥയായിരുന്നതിനാൽ അയൽക്കൂട്ടങ്ങളുടെ പുന:സംഘാടനം നടത്താൻ കഴിയാതെ വരുകയും കുടുംബശ്രീ തെരെഞ്ഞെടുപ്പ് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്ന പൊതു നിർദ്ദേശങ്ങൾ പ്രകാരം യോഗ്യതയുള്ള അയൽക്കൂട്ടങ്ങൾ നിലവിലില്ലാത്ത സാഹചര്യത്തിൽ തെരെഞ്ഞെടുപ്പ് നീട്ടിവയ്ക്കുന്നതുൾപ്പെടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകണമെന്ന് മെമ്പർ സെക്രട്ടറി അപേക്ഷിച്ചിട്ടുള്ളതായും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടമലക്കുടിയിൽ സംജാതമായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇടമലക്കുടിയിലെ അയൽക്കൂട്ടങ്ങൾ പുനരുജ്ജീവിപ്പിച്ച് പ്രസ്തുത സി.ഡി.എസ്സിൽ ഉപതെരെഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി താഴെപറയുന്ന സമയക്രമം പാലിച്ച് തെരെഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കുവാൻ ഉത്തരവാകുന്നു.

1) അയൽക്കൂട്ട പുന:സംഘടനാ പ്രത്യേക ക്യാമ്പെയിൻ - 2022 ഫെബ്രുവരി 15 വരെ (ചുമതല: ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ)

2) സിഡിഎസ് വരണാധികാരി, ഉപവരണാധികാരി നിയമനം - 2022 മെയ് 7 (ചുമതല: ജില്ലാ തെരെഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ- ജില്ലാ കളക്ടർ)

3) എഡിഎസ് വരണാധികാരികളുടെ നിയമനം - 2022 മെയ് 14 (ചുമതല: സിഡിഎസ് വരണാധികാരി)

4) തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കലും അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കലും - 2022 മെയ് 20 (ചുമതല: സിഡിഎസ് വരണാധികാരി)

5) അയൽക്കൂട്ട താൽകാലിക യോഗാദ്ധ്യക്ഷയെ തെരഞ്ഞെടുക്കൽ- 2022 മെയ് 22 മുതൽ 26

6) അയൽക്കൂട്ട താൽകാലിക യോഗാദ്ധ്യക്ഷമാർക്കുള്ള പരിശീലനം - 2022 മേയ് 27 മുതൽ 29

7) അയൽക്കൂട്ട തെരഞ്ഞെടുപ്പ് - 2022 ജൂൺ 9 മുതൽ 12 വരെ

8) എഡിഎസ് തെരഞ്ഞെടുപ്പ് - 2022 ജൂൺ 14 മുതൽ 17 വരെ

9) സിഡിഎസ് തെരഞ്ഞെടുപ്പ് - 2022 ജൂൺ 19

10) പുതിയ ഭരണ സമിതി ചുമതല ഏൽക്കൽ - 2022 ജൂൺ 20

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കലക്ടർ, ഇടുക്കി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(LSGD-IA1/166/2021-LSGD)

ഉത്തരവിൻ പ്രകാരം

**Signed by Vijitha M B**
**Date: 22-02-2022 14:30:54**

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എ യ്ക്ക്